# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 624 28.09.16 -ൽ മറുപടിക്ക്

## റഗുലേറ്റർ കം ബ്രിഡ്ജുകളുടെ പ്രൊപ്പോസലുകൾ

**ചോദ്യം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

(എ) ഇരുമ്പിളിയം-കൈതക്കടവ്, കുറ്റിപ്പുറം-കാങ്കക്കടവ് എന്നീ റഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ പ്രൊപ്പോസലുകൾ ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകളുടെ ഇൻവെസ്റ്റിഗേഷനു വേണ്ട എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി**

മാത്യു ടി തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) യും (ബി) ഇരുമ്പിളിയം-കൈതക്കടവ് റഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 17/7/2013-ന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി കരാർ എടുക്കാൻ ആരും തയ്യാറാവാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടില്ല. ആയതിന്റെ പുതിയ നിരക്കിൽ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കി വരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ പരിശോധിക്കേണ്ടതുണ്ട്.

കുറ്റിപ്പുറം-കാങ്കക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. ക്ക് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ